ഗദ്യ കവിത

# വിശ്വാസവും അവിശ്വാസവും ശബരിമലയിൽ

വാസുദേവ് പുളിക്കൽ

ശബരിമലയൊരു ദേവാലയം
മലകൾ പതിനെട്ടും ചേരും
പൂങ്കാവനത്തിന്നധിപനായ്
അയ്യപ്പൻ വാഴും പുണ്യമല.

പന്തളരാജാവിൻ വളർത്തു പുത്രൻ
രാജ്യാഭിഷേകത്തിന്നവകാശിയായ്.
രാജ്യം ത്യജിച്ചു പന്തളരാജൻ
മല കയറി നിത്യ ബ്രഹ്മചാരിയായ്.
അഭിഷിക്തനായയ്യപ്പൻ ശബരിമലയിൽ
പന്തളരാജാവിൻ മേൽനോട്ടത്തിൽ.
മലകൾ കയറുന്നു പുരുഷന്മാർ
ദർശനത്തിനായ് വർഷം തോറും.
കാനനയാത്രയും മലകയറ്റവും കഠിനം.
മല കയറാതെ മാറി നിന്നു സ്ത്രീകൾ.
സത്യത്തെ വക്രീകരിച്ച് പിന്നീടത്
ആചാരമായ് മാറ്റി സവർണ്ണ വർഗ്ഗം.

അവർണ്ണർ കേറിയാൽ ഈശ്വരചൈതന്യം
മങ്ങിപ്പോകുമെന്ന ന്യായീകരണത്തിൽ
അതൊരു ക്ഷേത്രാചാരമാക്കിത്തീർത്ത്
ക്ഷേത്രം നിഷേധിച്ചിരുന്നവർണ്ണരെ പോൽ
നിസ്സഹായരായ് നോക്കി നിന്നു സ്ത്രീകൾ.
ക്ഷേത്രപ്രവേശന പ്രഖ്യാപനമുണ്ടായപ്പോൾ
ആത്മഹത്യ ചെയ്തുവെത്രെ ചില സവർണ്ണർ.
അതിന്റെ നഷ്ടമവരുടെ കുടുംബത്തിന്.
ആർത്തവക്കാർക്ക് ദർശനം പാടില്ലെന്ന
ആചാരം സവർണ്ണർ അരിക്കിട്ടുറപ്പിച്ചപ്പോൾ
വിശ്വാസികളാം സ്ത്രീകളെയവഗണിച്ചത്
അയ്യപ്പസ്വാമിയല്ല, സവർണ്ണ വർഗ്ഗം.

ആസുരഭാവത്തിൻ മഹിഷിയെ വധിച്ചപ്പോൾ
പ്രത്യക്ഷയായ് ലീലയെന്ന മനോജ്ഞാംഗി
മുനിശാപത്താൽ മഹിഷിമുഖിയായ മുനിപത്നി.
കാൽത്തളയിളക്കിയവൾ നൃത്തം ചെയ്തു
പരവശയായ് കാമബാണമെയ്തു അയ്യപ്പനിൽ.

ബ്രഹ്മചാരിയയ്യപ്പൻ വഴങ്ങിയില്ലെങ്കിലും
ഇടം കൊടുത്തവൾക്കു ശബരിമലയിൽ
ആ മാളികപ്പുറത്തിനെ വണങ്ങുന്നയ്യപ്പന്മാർ.

നിയമസംഹിതയംഗീകരിച്ചു സ്ത്രീസമത്വം
ക്ഷുഭിതരായ്യപ്പഭക്തന്മാർ സമരത്തിൽ
ഒഴുക്കിന്നെതിരെ തുടരെ നീന്തിയാൽ
മുങ്ങിത്താണൊഴുകി പൊകയില്ലേ?
സമരം അയ്യപ്പഭക്തന്മാരുടേതല്ല, മറിച്ച്
ചില രാഷ്ടീയക്കാരുടെ നേട്ടത്തിനായ്
കരുവാക്കി വിശ്വാസികളെയെന്ന് ജനം.
നിയമലംഘനവും ജനാധിപത്യനിഷേധവു-
മതിൻ പരിണിതഫലം ജയിൽ വാസം.
മതവിശ്വാസമില്ലാ പാർട്ടിനേതാക്കന്മാർ
വിശ്വാസത്തിൻ പ്രതികമാം ശബരിമലയെ
പശ്ചാത്തലമാക്കി സ്വനേട്ടത്തിനായ്
പടുത്തിയർത്തിയൊരു വനിതാമതിൽ.
കഥയറിയാതാട്ടം കണ്ട നിഷ്ക്കളങ്കർ
തിരിച്ചു പോയി വിശ്വാസികളിലേക്ക്.

ഹിന്ദു സ്ത്രീകൾക്കനുകൂലമായ് വിധി.
അതിൻ പിൻബലത്തിൽ മലകയറിയ
അക്റ്റിവിസ്റ്റുകൾ വിശ്വാസികളോ?
കോടതിയുടെ ചോദ്യത്തിനുത്തരമായ്
'അതെ' എന്ന സർക്കാരിൻെറ മറുപടി
അവിശ്വസനീയമെന്ന് പൊതുജനം.
പ്രച്ഛന്നവേഷത്തിലാക്റ്റിവിസ്റ്റുകൾ
മലകയറിത് ഭീരുത്വമാണതിൽ വേണ്ട
ഖേദമെന്ന പൊതുജനപ്രഖ്യാപനത്തിൽ
ആശ്വാസം കാണുമോ വിശ്വാസികൾ.

ആചാരം കാക്കാനായ് ഭുരിപക്ഷം സ്ത്രീകളും
അണിനിരക്കുന്നു സ്വരപ്പന്തലിലാത്മാർത്ഥമായ്.
ആചാരസംരക്ഷണമെന്ന മുദ്രവാക്യം ഒരു വശത്ത്
രാഷ്ടീയക്കൊയ്ത്തിനായ് പാർട്ടികൾ മറു വശത്ത്.
വിശ്വാസികളും അവിശ്വാസികളും തമ്മിൽ യുദ്ധം
കളമൊരുക്കാതെ നാട്ടിൽ മറ്റൊരു ചോരപ്പുഴക്കായ്.
***